# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** **മാർക്ക് - 50**

**10.30am - 12.30pm** **STD - VI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. തോമ്മാശ്ലീഹായെ ഭാരതത്തിന്റെ ശ്ലീഹാ എന്ന് പ്രഖ്യാപിച്ചത് ആര്?
2. "സ്വർഗസ്ഥനായ പിതാവു പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ." ബൈബിൾ ഭാഗം ഏത്?
3. ശ്ലീഹാക്കാലത്തെ ഒന്നാം വെള്ളി ഏത് പേരിലാണ് അറിയപ്പെടുന്നത്?
4. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം?
5. "പ്രകൃതിയിലേക്ക് മടങ്ങുക - പ്രകൃതിയിലെ എല്ലാം നിലനിർത്തുക" എന്നത് ആരുടെ തത്വമാണ്?
6. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് എന്ന്?
7. മരിക്കേണ്ടിവന്നാലും ഗുരുവിനെ വിട്ടുപിരിയരുതെന്ന് ആഗ്രഹിച്ച ശിഷ്യൻ?
8. സ്ത്രീകൾ അറിയിച്ചതനുസരിച്ച് ഈശോയുടെ കല്ലറയുടെ അടുക്കൽ ആദ്യം ചെന്ന ശിഷ്യൻ ആര്?
9. "ഞാൻ ലോകാവസാനംവരെയും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ഈശോയുടെ വാഗ്ദാനത്തിന്റെ പൂർത്തീകരണം എന്ത്?
10. സൃഷ്ടിയിലൂടെ സ്രഷ്ടാവിന്റെ മഹത്വം ദർശിക്കാനാകുമെന്ന് പറഞ്ഞതാര്?

| |
|---|
| വിശ്വാസം |
| പത്രോസ് ശ്ലീഹാ |
| റൂസോ |
| മത്തായി 6:43 |
| 6-ാം പൗലോസ് പാപ്പാ |
| പെസഹാത്തിരുനാൾ |
| തോമ്മാശ്ലീഹാ |
| ആദ്യവെള്ളി |
| യോഹന്നാൻ |
| മത്തായി 5:48 |
| വി. അംബ്രോസ് |
| 12-ാം പീയൂസ് പാപ്പാ |
| സ്വർണവെള്ളി |
| വി. കുർബാന |
| പന്തക്കുസ്താ ത്തിരുനാളിൽ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. ഉയിർപ്പുകാലത്തിലെ രക്ഷാകരരഹസ്യങ്ങളും, പുതുഞായറിന്റെ സവിശേഷതകളും തരം തിരിച്ചെഴുതുക.

| | |
|---|---|
| പാപത്തിൻമേലും മരണത്തിൻ മേലും ഈശോ നേടിയ വിജയം | മലയാറ്റൂർ തീർത്ഥാടനം |
| മാർത്തോമ്മാ ഞായർ | ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്നു |
| നമ്മുടെ ഉയിർപ്പിന്റെ അച്ചാരമായ ഈശോയുടെ ഉയിർപ്പ് | ഈശോയുടെ ഉത്ഥാനംവഴി നമുക്കു ലഭിച്ച പുതുജീവൻ |

12. ഈശോ എല്ലാവരുടെയും പാപങ്ങൾ ........... ക്ഷമിച്ചു. ചുംബനത്താൽ ഒറ്റിക്കൊടുക്കാൻ ചെന്ന യൂദാസിനെയും ............ എന്നു വിളിച്ചു. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെ ............ നിയോഗിച്ചു.

**C. ചേരുംപടി ചേർക്കുക** **1X5=5**

13.

| | | |
|---|---|---|
| വേനൽകാലം | - | എമ്മാവൂസ് |
| ഗുരു | - | യോഹന്നാൻ 6:35 |
| ക്ലെയോപാസ് | - | പൗലോസ് ശ്ലീഹാ |
| "ഞാനാണ് ജീവന്റെ അപ്പം" | - | ശ്ലീഹാക്കാലം |
| "എന്റെ കർത്താവേ, എന്റെ ദൈവമേ" | - | കൈത്താ |
| | - | യോഹന്നാൻ 20:28 |
| | - | റബ്ബോനി |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. ജപമാലയിലെ സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങളിലെ അഞ്ചാമത്തെ ദിവ്യരഹസ്യം എഴുതുക.

15. കേരളത്തിൽ നിന്ന് നവംബർ 8-ന് ലെയോ പതിനാലാമൻ പാപ്പ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയത് ആരെ?

16. വചനം പൂർത്തിയാക്കുക. ഗലാത്തിയാ 5:5, "ഞങ്ങളാകട്ടെ പരിശുദ്ധാത്മാവിലൂടെ ..........."

17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഏഴു നിറങ്ങളുടെ വൃത്തം' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത് എന്ത്?

19. 'അപ്പസ്തോല പ്രവർത്തനങ്ങൾ' പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്ന് അറിയപ്പെടുന്നത് എന്തുകൊണ്ട്?

20. യോനാ പ്രവാചകന് ദൈവം നൽകിയ ദൗത്യം എന്തായിരുന്നു?

21. എമ്മാവൂസിലേക്ക് യാത്ര ചെയ്ത ശിഷ്യന്മാരുടെ ചർച്ചാവിഷയം എന്തായിരുന്നു?

22. ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക ഈശോ നമുക്ക് കാണിച്ചുതന്നത് എങ്ങനെയാണ്?

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

23. പ്രകൃതിയിൽ കാർബൺ കണികകൾ അധികമാകാതിരിക്കാൻ നമുക്കു ചെയ്യാവുന്ന നല്ല കാര്യങ്ങൾ എന്തെല്ലാമെന്ന് ഉപപാഠപുസ്തകത്തിലെ 'പരിസ്ഥിതി സംരക്ഷണം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# STD VI

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക 1X10=10

1. 6-ാം പൗലോസ് പാപ്പാ (പാഠം 14/ പേജ് 87/ പാര 3)
2. മത്തായി 5:48 (പാഠം 9/ പേജ് 58/ പാര 1)
3. സ്വർണവെള്ളി (പാഠം 13/ പേജ് 81/ പാര 2)
4. വിശ്വാസം (പാഠം 12/ പേജ് 75/ പാര 4)
5. റൂസോ (ഉപപാഠം 10/ പേജ് 31/ Line 19)
6. പന്തക്കുസ്താത്തിരുനാളിൽ (പാഠം 13/ പേജ് 81/ പാര 3)
7. തോമ്മാശ്ലീഹാ (പാഠം 12/ പേജ് 75/ പാര 1)
8. യോഹന്നാൻ (പാഠം 10/ പേജ് 64/ പാര 1)
9. വി. കുർബാന (പാഠം 11/ പേജ് 71/ പാര 4)
10. വി. അംബ്രോസ് (ഉപപാഠം 10/ പേജ് 31/ പാര 2)

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. പാഠം 10/ പേജ് 66/പാര 3,5,6

    **ഉയിർപ്പുകാലത്തിലെ രക്ഷാകരരഹസ്യങ്ങൾ-**
    - പാപത്തിൻമേലും മരണത്തിൻമേലും ഈശോ നേടിയ വിജയം
    - നമ്മുടെ ഉയിർപ്പിന്റെ അച്ചാരമായ ഈശോയുടെ ഉയിർപ്പ്
    - ഈശോയുടെ ഉത്ഥാനംവഴി നമുക്കു ലഭിച്ച പുതുജീവൻ

    **പുതുഞായറിന്റെ സവിശേഷതകൾ-**
    - ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്നു
    - മാർത്തോമ്മാ ഞായർ
    - മലയാറ്റൂർ തീർത്ഥാടനം
12. പാഠം 9, പേജ് 59, പാര 2

    കരുണയോടെ / സ്നേഹിതാ / സഭയുടെ തലവനായി

## C. ചേരുംപടി ചേർക്കുക 1X5=5

13. വേനൽകാലം - കൈത്താ (പാഠം 14/ പേജ് 87/പാര 4)

    ഗുരു - റബ്ബോനി (പാഠം 10/ പേജ് 65/പാര 4)

    ക്ലെയോപാസ് - എമ്മാവൂസ് (പാഠം 11/ പേജ് 69/പാര 1)

    ‘‘ഞാനാണ് ജീവന്റെ അപ്പം’’ - യോഹന്നാൻ 6:35 (പാഠം 11/ പേജ് 71/പാര 3)

    ‘‘എന്റെ കർത്താവേ, എന്റെ ദൈവമേ’’ - യോഹന്നാൻ 20:28 (പാഠം 12/ പേജ് 75/പാര 3)

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. പരിശുദ്ധ ദൈവമാതാവ് തന്റെ ദിവ്യകുമാരനു പന്ത്രണ്ടു വയസ്സായിരിക്കെ മൂന്നുദിവസം അവിടുത്തെ കാണാതെ അന്വേഷിച്ചിട്ട് മൂന്നാംനാൾ ദൈവാലയത്തിൽ വച്ചു വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കയിൽ അവിടുത്തെ കണ്ടെത്തിയെന്ന് ധ്യാനിക്കുക. (നമസ്കാരങ്ങൾ പേജ് 18)

15. ധന്യ മദർ ഏലീശ്വാ (സത്യദീപം 2025 നവംബർ 12)

16. ഗലാത്തിയാ 5:5, "ഞങ്ങളാകട്ടെ പരിശുദ്ധാത്മാവിലൂടെ വിശ്വാസംവഴി നീതി ലഭിക്കുമെന്ന പ്രത്യാശയോടെ കാത്തിരിക്കുന്നു." (വചനദീപം, 2026 ജനുവരി 18)

17. **ഏഴു നിറങ്ങളുടെ വൃത്തം:** ദൈവാനുഗ്രഹത്തിന്റേയും ദൈവത്തിന്റെ വിശ്വസ്തതയുടേയും പ്രതീകം. ഏഴു നിറങ്ങൾ ഏഴ് കൂദാശകൾ; കൂദാശകളിലൂടെ നാമെല്ലാവരും പ്രത്യാശയുടെ ഉറവിടമായ ഈശോയെ അനുഭവിച്ചറിയണം. (വചനദീപം പേജ് 10)

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. പാഠം 14, പേജ് 87, പാര 4
വിശുദ്ധിയുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിച്ചുകൊണ്ട് സ്വർഗരാജ്യത്തിന്റെ പ്രതീകമായി സഭ വളർന്നുകൊണ്ടിരിക്കുന്നതിനെ.

19. പാഠം 13, പേജ് 82, പാര 1
പരിശുദ്ധാത്മാവിന്റെ ആവാസത്താലെ ശക്തരായ ശിഷ്യസമൂഹവും ആദിമസഭയും എപ്രകാരമാണു ജീവിതസാക്ഷ്യം നൽകിയതെന്ന് ഈ ഗ്രന്ഥം വിവരിക്കുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് നാമിതിൽ കാണുക.

20. പാഠം 10, പേജ് 65, പാര 1
യോനായ്ക്ക് ദൈവം നല്കിയ ദൗത്യം നിനെവേയുടെ മാനസാന്തരത്തിനായി അവിടെപ്പോയി പ്രസംഗിക്കുക എന്നതായിരുന്നു.

21. പാഠം 11, പേജ് 69, പാര 1
ഈശോയുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവുമൊക്കെയായിരുന്നു അവരുടെ ചർച്ചാവിഷയം.

22. പാഠം 9, പേജ് 57, പാര 1
ചമ്മട്ടികൊണ്ട് അടിച്ചും മുൾമുടിധരിപ്പിച്ചും കുരിശിൽ തറച്ചും പരിഹസിച്ചും തന്നെ ദ്രോഹിച്ചവരോടു ക്ഷമിച്ചുകൊണ്ടും അവർക്കായി പ്രാർത്ഥിച്ചുകൊണ്ടും.

## F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക 5X1=5

23. ഉപപാഠം അദ്ധ്യായം 9 - പരിസ്ഥിതി സംരക്ഷണം, പേജ് 29

- പരമാവധി ചെടികൾ വച്ചു പിടിപ്പിക്കുക
- പുക അന്തരീക്ഷത്തിൽ കലരുന്നത് ഒഴിവാക്കുക
- ജലസംരക്ഷണ പ്രവർത്തനങ്ങൾ
- മാലിന്യസംസ്കരണം
- ഊർജ്ജസംരക്ഷണം
- പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗത്തിൽ പരമാവധി മിതത്വം പാലിക്കുക.
- കടലാസിന്റെ ഉപയോഗം നിയന്ത്രിക്കുക

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** **മാർക്ക് - 50**

**10.30pm - 12.30pm** **STD - VI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10

1. ദൈവീക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം എന്ത്?
2. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കുവിൻ എന്ന് നമ്മെ ഉപദേശിച്ച ശ്ലീഹാ ആര്?
3. ദൈവം നൽകിയ ദൗത്യം ഇഷ്ടപ്പെടാതിരുന്ന യോന എവിടേക്കാണ് കപ്പൽ കയറിയത്?
4. ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്ന ദിവസം?
5. ഏറ്റവും ശക്തമായ സുവിശേഷ പ്രഘോഷണം?
6. "ഈ ദിവസങ്ങളിൽ ജറുസലേമിൽ നടന്ന സംഭവ മൊന്നും അറിയാത്ത അപരിചിതനാണോ നീ." ഈശോയോട് ഇങ്ങനെ ചോദിച്ചതാര്?
7. ഗുരുവിനോടൊത്തു വസിച്ച് ഗുരുവിനെ മനസ്സി ലാക്കി ............ അനുഭവിക്കുന്നവരാണ് ശിഷ്യൻ.
8. "ഞാൻ ലോകാവസാനംവരെയും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ഈശോയുടെ വാഗ്ദാന ത്തിന്റെ പൂർത്തീകരണം എന്ത്?
9. മരിക്കേണ്ടി വന്നാലും ഗുരുവിനെ വിട്ടുപിരിയരുത് എന്നാഗ്രഹിച്ച ശിഷ്യൻ ആര്?
10. 'ലോഗോസ്' എന്ന പദത്തിന്റെ അർത്ഥം എന്ത്?
11. "എല്ലാ പദാർത്ഥങ്ങളിലും ദൈവത്തിന്റ കൃപ കണ്ടെത്താൻ സാധിക്കുന്നതിനാൽ ഞാൻ അവയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും" എന്ന് പ്രസ്താവിച്ചത് ആര്?
12. ലോകാരംഭം മുതൽ ഇന്നോളമുള്ള മറ്റൊരു വ്യക്തിക്കും അവകാശപ്പെടാനാവാത്ത മഹത്വം ഈശോ പ്രകാശിതമാക്കിയ സംഭവം ഏത്?

| |
|---|
| പുതുഞ്ഞായർ |
| ഗുരുസ്നേഹം |
| ക്ലെയോപാസ് |
| അറിവ് |
| വി. പൗലോസ് |
| വി. ഡോൺ ബോസ്കോ |
| വി. കുർബാന |
| പ്രാർത്ഥന |
| താർഷിഷ് |
| ഉയിർപ്പ് |
| വിശ്വാസം |
| ക്രിസ്തുമസ് |
| ജീവിത മാതൃക |
| തോമാശ്ലീഹാ |
| വി. ജോൺ ഡമീഷ്യൻ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

13. ശ്ലീഹാക്കാലത്തേയും, ശ്ലീഹാക്കാലത്ത് നാം അനുസ്മരിക്കുന്ന പ്രധാന രഹസ്യങ്ങളേയും കണ്ടെത്തി എഴുതുക.

| | | |
|---|---|---|
| സഭയുടെ പ്രേഷിത സ്വഭാവം | ക്രിസ്തീയജീവിതത്തിന്റെ പുതിയ അനുഭവം | പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ |
| ഉത്ഥിതനായ ഈശോ തോമ്മാ ശ്ലീഹായ്ക്ക് പ്രത്യക്ഷനാകുന്നു | ആദിമ സഭയുടെ ചൈതന്യം | പന്തക്കുസ്താത്തിരു നാൾ ആരംഭിക്കുന്നു |
| ആരാധനാ വത്സരത്തിന്റെ ആറാമത്തെ കാലം | ശ്ലീഹന്മാരും സഭയും തമ്മി ലുള്ള സുദൃഢമായ ബന്ധം | |

14. പുതിയ നിയമത്തിൽ 21 ലേഖനങ്ങൾ ഉണ്ട്. അതിൽ ........ ലേഖനങ്ങൾ പൗലോസിന്റെ പേരിൽ അറിയപ്പെടുന്നു. ഇവയ്ക്കു പിന്നാലെ വരുന്ന ഏഴുലേഖനങ്ങൾ ......... ലേഖനങ്ങൾ എന്നറിയപ്പെടുന്നു. ........., ........, ........, ........ എന്നിവരാണ് ഈ ലേഖനങ്ങളുടെ കർത്താക്കൾ.

**C. ചേരുംപടി ചേർക്കുക** **1X5=5**

| | | |
|---|---|---|
| 15. സഭയുടെ തലവൻ | - | ഏഴ് എഴുപത് |
| ശൂന്യമായ കല്ലറ | - | ദൈവാലയ കവാടം |
| ക്ഷമ | - | ഉത്ഥാനം |
| റബ്ബോനി | - | പൗലോസ് ശ്ലീഹ |
| മുടന്തൻ | - | പത്രോസ് |
| | - | മരണം |
| | - | മറിയം |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

16. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിലെ നാലാം ദിവ്യരഹസ്യം എഴുതുക.

17. വി. യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ പരിപാലകനും മധ്യസ്ഥനുമായി പ്രഖ്യാപിച്ച മാർപാപ്പ ആര്?

18. വചനം പൂർത്തിയാക്കുക. യാക്കോബ് 5:13, “നിങ്ങളുടെയിടയിൽ ..........”

19. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ ‘പ്രാർത്ഥനയിൽ വളരാം’ എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘വി. കുരിശ്’ എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

20. ഈശോ ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക നൽകിയത് എങ്ങനെ?

21. കുരിശിൽ മരിച്ച ഈശോയെ കല്ലറയിൽ സംസ്കരിച്ചത് ആരെല്ലാം?

22. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ ചർച്ചാവിഷയം എന്ത്?

23. ‘സമാധാനം നിങ്ങളോടുകൂടെ’ എന്ന കാർമ്മികന്റെ ആശംസ സൂചിപ്പിക്കുന്നത് എന്ത്?

24. താൻ ആരാണെന്ന് അനുഭവിച്ചറിയാൻ ഈശോ ശിഷ്യർക്ക് അവസരം നൽകിയത് എങ്ങനെ?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

25. ഈശോ തിരുലിഖിതങ്ങൾ വ്യാഖ്യാനിച്ചപ്പോൾ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്കുണ്ടായ അനുഭവവും, വി. കുർബാനയിലെ ദൈവവചന ശുശ്രൂഷയേയും, ഈശോയുടെ സാന്നിധ്യത്തേയും ‘എമ്മാവൂസ് അനുഭവം’ എന്ന പാഠഭാഗത്തുനിന്നും വിവരിക്കുക.

**(അല്ലെങ്കിൽ)**

പ്ലാസ്റ്റിക് ദോഷകരമായി മാറുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ? നാം വസിക്കുന്നിടം പ്ലാസ്റ്റിക് വിമുക്ത പരിസ്ഥിതിയായി മാറ്റാനുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെ? ഉപപാഠത്തിലെ ‘പ്ലാസ്റ്റിക്കിന്റെ ലോകം’ എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# STD - VI

## A. ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക

1. വിശ്വാസം (പാഠം 12, പേജ് 75, പാര 4)
2. വി. പൗലോസ് (പാഠം 9, പേജ് 60, പാര 3)
3. താർഷിഷ് (പാഠം 10, പേജ് 65, പാര 1)
4. പുതുഞ്ഞായർ (പാഠം 10, പേജ് 66, പാര 5)
5. ജീവിത മാതൃക (പാഠം 13, പേജ് 82, പാര 4)
6. ക്ലെയോപാസ് (പാഠം 11, പേജ് 69 പാര 1)
7. ഗുരുസ്നേഹം (പാഠം 12, പേജ് 76, പാര 1)
8. വി. കുർബാന (പാഠം 11, പേജ് 71, പാര 4)
9. തോമാശ്ലീഹാ (പാഠം 12, പേജ് 75, പാര 1)
10. അറിവ് (ഉപപാഠം 10, പേജ് 30, പാര 2)
11. വി. ജോൺ ഡമീഷ്യൻ (ഉപപാഠം 10, പേജ് 31, പാര 3)
12. ഉയിർപ്പ് (പാഠം 9, പേജ് 64, പാര 2)

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക

13. പാഠം 13, പേജ് 81 പാര 1
    ആരാധനാ വത്സരത്തിന്റെ ആറാമത്തെ കാലം
    പന്തക്കുസ്താത്തിരുനാൾ ആരംഭിക്കുന്നു
    പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ
    ശ്ലീഹന്മാരും സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം
    ആദിമ സഭയുടെ ചൈതന്യം
    സഭയുടെ പ്രേഷിത സ്വഭാവം

14. 13 ലേഖനങ്ങൾ
    കാതോലിക ലേഖനങ്ങൾ
    യാക്കോബ്, പത്രോസ്, യോഹന്നാൻ, യൂദാ തദേവൂസ് (പാഠം 13, പേജ് 82, പാര 2)

## C. ചേരുംപടി ചേർക്കുക

15. 1. സഭയുടെ തലവൻ - പത്രോസ് (പാഠം 9, പേജ് 59, പാര 2)
    2. ശൂന്യമായ കല്ലറ - ഉത്ഥാനം (പാഠം 10, പേജ് 64, പാര 1)
    3. ക്ഷമ - എഴുപത് (പാഠം 9, പേജ് 58, പാര 2)
    4. റബ്ബോനി - മറിയം (പാഠം 10, പേജ് 65, പാര 4)
    5. മുടന്തൻ - ദൈവാലയ കവാടം (പാഠം 13, പേജ് 81, പാര 2)

## D. നമസ്ക്കാരം, സത്യദീപം, ബൈബിൾ, ലോഗോ

16. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിലെ നാലാം ദിവ്യരഹസ്യം
    (നമസ്കാരപുസ്തകം- പേജ് 19)
17. ഒമ്പതാം പീയൂസ് മാർപാപ്പ (സത്യദീപം, ജനുവരി 29, പേജ് 08)
18. യാക്കോബ് 5:13 (വചനദീപം, പേജ് 27, നവംബർ 24)
19. 'വി. കുരിശ് ' (വചനദീപം, പേജ് 10)

## E. ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക

20. പാഠം 9, പേജ് 57, പാര 1
21. പാഠം 10, പേജ് 63, പാര 1
22. പാഠം 11, പേജ് 69, പാര 1
23. പാഠം 12, പേജ് 76, പാര 3
24. പാഠം 12, പേജ് 76, പാര 1

## F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക

25. 'എമ്മാവൂസ് അനുഭവം' (പാഠം 11, എമ്മാവൂസ് അനുഭവം, പേജ് 70–71)

or

'പ്ലാസ്റ്റിക്കിന്റെ ലോകം' (ഉപപാഠം 7 പ്ലാസ്റ്റിക്കിന്റെ ലോകം)

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

18/02/2024 — മാർക്ക് – 50

10.30 A.M. - 12.30 P.M. **STD - VI** സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10**

1. വി. കുർബാനയിൽ പരസ്പരമുള്ള സമാധാനാശംസയും അനുരഞ്ജനശുശ്രൂഷയും ആഹ്വാനം ചെയ്യുന്നത്
2. ഗുരുവിനോടൊത്തുവസിച്ച് ഗുരുവിനെ മനസ്സിലാക്കി ഗുരുസ്നേഹം അനുഭവിക്കുന്നവനാണ്
3. ഈശോ തന്റെ മരണത്തെക്കുറിച്ച് നൽകിയ മൂന്നു പ്രവചനങ്ങളും അവസാനിക്കുന്നത് എന്ത് അറിയിച്ചുകൊണ്ടാണ്?
4. ആദിമസഭയിലെ ഏറ്റവും വലിയ പ്രേഷിതൻ
5. ദൈവാലയത്തിൽ വിശുദ്ധ ലിഖിതങ്ങൾ വായിക്കപ്പെടുമ്പോൾ ആരാണ് നമ്മോട് സംസാരിക്കുന്നത്?
6. ക്രിസ്തീയ ജീവിതത്തിലെ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്ന ദിവസം
7. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം
8. വി. കുർബാനയിൽ കാർമ്മികൻ കുരിശാകൃതിയിൽ കൈകൾ പിടിച്ച് പ്രാർത്ഥിക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
9. പുതിയനിയമത്തിലൂടെ ഏത് പദ്ധതിയുടെ പൂർത്തീകരണമാണ് നമ്മൾ അനുഭവിച്ചറിയുന്നത്?
10. ഏറ്റവും ശക്തമായ സുവിശേഷ പ്രഘോഷണം?

| |
|---|
| വിശ്വാസം |
| മിശിഹാ |
| ഉത്ഥാനം |
| ജീവിത മാതൃക |
| വി. പത്രോസ് |
| പുതുഞായർ |
| ശിഷ്യൻ |
| രക്ഷാകരപദ്ധതി |
| ഈശോയുടെ കുരിശുമരണത്തെ |
| സ്നേഹിക്കാൻ |
| മാലാഖ |
| വി. പൗലോസ് |
| സഭയുടെ പദ്ധതി |
| ക്ഷമിക്കാൻ |
| ഈശോയുടെ പീഡാനുഭവത്തെ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

11. മനുഷ്യരക്ഷയ്ക്കായി ബലി നൽകിയ ഈശോയുടെ സഹനങ്ങൾ ക്രമപ്പെടുത്തി എഴുതുക?

| | |
|---|---|
| പീലാത്തോസിന്റെ മുൻപിൽ | യൂദാസിന്റെ വഞ്ചന |
| പത്രോസ് തള്ളിപ്പറയുന്നു | ഈശോയെ പരിഹസിക്കുന്നു |
| ഈശോ കുരിശിൽ മരിക്കുന്നു | കാൽവരിയാത്ര |

12. എമ്മാവൂസ് അനുഭവം പൂർത്തിയാക്കുക.

"അവൻ അവരോടുകൂടെ ........ അവരോടൊപ്പം ....... അപ്പം എടുത്ത് ...... അപ്പോൾ ........ അവർ ........ അപ്രത്യക്ഷനായി." (ലൂക്കാ 24:30–31)

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം) 5X1=5**

13.
| | | |
|---|---|---|
| a) ശൂന്യമായ കല്ലറ | - | പന്തക്കുസ്താ |
| b) സഭയുടെ ഉദ്ഘാടനം | - | വി. കുർബാന |
| c) ആരാധനാവത്സരം | - | ദൈവത്തിനു സ്തുതി |
| d) ലൗദാത്തോ സി | - | ശ്ലീഹാക്കാലം |
| e) മിശിഹാരഹസ്യം | - | ഈശോയുടെ ഉത്ഥാനം |
| f) ലൗദാത്തേ ദേവും | - | അങ്ങേയ്ക്ക് സ്തുതി |
| g) പരിശുദ്ധാത്മാവിന്റെ സുവിശേഷം | - | അപ്പസ്തോല പ്രവർത്തനങ്ങൾ |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4**

14. പരി. ജപമാലയിലെ പ്രകാശത്തിന്റെ 5-ാം രഹസ്യം എഴുതുക.
15. 1549-ൽ ജപ്പാൻ തീരങ്ങളിലേക്ക് സുവിശേഷവുമായി ആദ്യം വന്നിറങ്ങിയത് ആര്?
16. തിരുവചനം എഴുതുക. യോഹന്നാൻ 15:10 "നിങ്ങൾ എന്റെ ..........."
17. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ നന്മയിൽ വളരാം എന്ന ലോഗോയിൽ കാണുന്ന 'ചെടിയും ഏഴ് വെള്ള പൂക്കളും' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

18. വി. കുർബാനയിലെ അനുരഞ്ജന കാറോസൂസയിലെ നമ്മുടെ പ്രാർത്ഥന എന്ത്?
19. യോനായ്ക്ക് ദൈവം നൽകിയ ദൗത്യം എന്തായിരുന്നു?
20. ഈശോ തോമ്മാശ്ലീഹായ്ക്ക് നൽകിയ ക്ഷണം എന്തായിരുന്നു?
21. പന്തക്കുസ്താത്തിരുനാളിൽ നാം അനുസ്മരിക്കുന്നത് എന്ത്?
22. "സമാധാനം നിങ്ങളോടുകൂടെ" എന്ന കാർമ്മികന്റെ ആശംസ സൂചിപ്പിക്കുന്നത് എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**
(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. ഈശോയുടെ പ്രബോധനങ്ങളും മാതൃകയും അനുകരിച്ച് നമുക്ക് എങ്ങനെ ക്ഷമയുള്ളവരാകാം എന്ന് ഒമ്പതാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. വിശ്വാസപരിശീലനം നേടുന്ന കുട്ടികളെന്ന നിലയിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനായി സമൂഹത്തിലും സ്കൂളിലും ഇടവകതലത്തിലും നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാകും? ഇടവകതലത്തിൽ GreenCat Club ആരംഭിക്കുന്നതിനുവേണ്ടി പരിസ്ഥിതി സംരക്ഷണത്തിനായിട്ടുള്ള ഒരു Action Plan തയ്യാറാക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

## എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 2024
## STD – VI

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക 1 X 10=10**

1. ക്ഷമിക്കാൻ Lesson 9, Page 60, Para 3
2. ശിഷ്യൻ Lesson 12 - Page 76, Para 1
3. ഉത്ഥാനം Lesson 10 - Page 64, Para 3
4. വി. പൗലോസ് Lesson 13 - Page 81, Para 4
5. മിശിഹാ Lesson 11 - Page 71, Para 1
6. പുതുഞായർ Lesson 10 - Page 66, Para 5
7. വിശ്വാസം Lesson 12 - Page 75, Para 4
8. ഈശോയുടെ കുരിശുമരണത്തെ Lesson 8, Page 54, Para 3
9. രക്ഷാകരപദ്ധതി Lesson 11- Page 70, Para 2
10. ജീവിത മാതൃക Lesson 13 - Page 82, Para 4

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3 X 2=6**

11. Lesson 8/52-53 Page

| | | | | | |
|---|---|---|---|---|---|
| 1. യൂദാസിന്റെ വഞ്ചന | 2. പത്രോസ് തള്ളിപ്പറയുന്നു | 3. പീലാത്തോസിന്റെ മുൻപിൽ | 4. ഈശോയെ പരിഹസിക്കുന്നു | 5. കാൽവരി യാത്ര | 6. ഈശോ കുരിശിൽ മരിക്കുന്നു |

12. Lesson 11- Page 70, Para 1 “അവൻ അവരോടുകൂടെ .......... അവരോടൊപ്പം....അപ്പം എടുത്ത്.....അപ്പോൾ.....അവർ....അപ്രത്യക്ഷനായി.” (ലൂക്കാ 24:30-31)

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക 1 X 5=5**

13.

a. ശൂന്യമായ കല്ലറ – ഈശോയുടെ ഉത്ഥാനം Lesson 10- Page 64, Para 1
b. സഭയുടെ ഉദ്ഘാടനം – പന്തക്കുസ്താ Lesson 13- Page 81, Para 3
c. ആരാധനാവത്സരം – ശ്ലീഹാക്കാലം Lesson 13- Page 81, Para 1
d. പരിശുദ്ധാത്മാവിന്റെ സുവിശേഷം – അപ്പസ്തോല പ്രവർത്തനങ്ങൾ
   Lesson 13 - Page 82 , Para 1
e. മിശിഹാരഹസ്യം – വി. കുർബാന Lesson 11 - Page 71, Para 2
f. ‘ലൗദാത്തേ ദേവും’ - ‘ദൈവത്തിനു സ്തുതി’ (ഉപ. പ Lesson 10, Page 32, Last Para)
g. ‘ലൗദാത്തോ സി’ - ‘അങ്ങേയ്ക്ക് സ്തുതി’ (ഉപ. പ Lesson 10, Page 32, Last Para)

**D. നമസ്ക്കാരം, സത്യദീപം, ബൈബിൾ, ലോഗോ 1 X 4=4**

14. (നമസ്കാരം, Page 19)
15. വി. ഫ്രാൻസിസ് സേവ്യർ (2024 സത്യദീപം, ജനുവരി 3, പേജ് 12)

16. യോഹന്നാൻ 15:10 “നിങ്ങൾ എന്റെ....”(ഡിസംബർ 17, വചനദീപം, പേജ് 29)
17. (വചനദീപം, പേജ് 11)

## E. ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക **1 X 5=5**

18. Lesson 9 - Page 60, 3rd Para ഭിന്നതകളും കലഹ..........
19. Lesson 10 - Page 65, 1st Para നിനെവേയുടെ മാനസാന്തരത്തിനായി.........
20. Lesson 12 - Page 75, 2nd Para ഉത്ഥാനാനുഭവം നേടി..........
21. Lesson 13 - Page 81,3rd Para സഭയിൽ വസിക്കാനും..........
22. Lesson 12 - Page 76, 3rd Para സമാധാനമായ ഈശോ നമ്മുടെ..........

## F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക (കുട്ടികൾ ചോദ്യം മനസ്സിലാക്കിയവിധത്തിൽ) **5X 1=5**

23. Lesson 09 - Page 57- 60
    - പരിധിയില്ലാത്ത ക്ഷമ
    - കടങ്ങൾക്കു മോചനം
    - ഈശോ നൽകിയ മാതൃക
    - ബലിയർപ്പണവും ക്ഷമയും
    - ദൈവവചനങ്ങൾ
    - അനുഭവങ്ങൾ

(Or)

24. ഉപപാഠപുസ്തകം Page 28
    - ചെടികൾ വച്ചുപിടിപ്പിക്കുന്നത്
    - വായുസംരക്ഷണം
    - ജലസംരക്ഷണം
    - മാലിന്യസംസ്കരണം
    - ഊർജ്ജസംരക്ഷണം
    - പ്രകൃതിവിഭവങ്ങളുടെ കൃത്യമായ ഉപയോഗം
    - സഭാപഠനങ്ങൾ
    - വ്യക്തിപരമായ കാഴ്ച്ചപ്പാടുകൾ

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**19/02/2023** | **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** | **STD - VI** | **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1X5=5

1. ലോകാരാംഭം മുതൽ ഇന്നോളമുള്ള മറ്റൊരു വ്യക്തിക്കും അവകാശപ്പെടാനാകാത്ത മഹത്വം ഈശോ പ്രകാശിതമാക്കിയത്
   - ഉയിർപ്പിലൂടെ
   - രൂപാന്തരീകരണത്തിലൂടെ
2. തിരുനാളുകളുടെ തിരുനാൾ
   - ഉയിർപ്പുതിരുനാൾ
   - ക്രിസ്തുമസ്
3. ദിവ്യബലിയിലെ പരസ്പരമുള്ള സമാധാനാശംസയും അനുരഞ്ജനശുശ്രൂഷയും ആഹ്വാനം ചെയ്യുന്നത്
   - മറ്റുള്ളവരോട് ക്ഷമിക്കുവാൻ
   - മറ്റുള്ളവരെ സ്നേഹിക്കാൻ
4. ക്രിസ്തീയ ജീവിതത്തിന്റെ പുതിയ അനുഭവത്തിന് ആരംഭം കുറിയ്ക്കുന്ന ദിവസം
   - പുതുഞായർ
   - ദുഃഖവെള്ളി
5. ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രം
   - ബലിയർപ്പണം
   - കൂദാശാസ്വീകരണം

## B. യോജിച്ച ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X9=9

6. ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെട്ട അവസരങ്ങളിലെല്ലാം നൽകിയ ആശംസ
7. മരിക്കേണ്ടി വന്നാലും ഗുരുവിനെ വിട്ടുപിരിയരുത് എന്നാഗ്രഹിച്ച ശിഷ്യൻ
8. തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ പ്രഖ്യാപനം
9. സുവിശേഷസന്ദേശത്തിന്റെ ലക്ഷ്യം
10. ഏത് കാലത്തിലെ ഒന്നാം വെള്ളിയാണ് സ്വർണ്ണ വെള്ളി എന്ന പേരിൽ അറിയപ്പെടുന്നത്?
11. ഏറ്റവും ശക്തമായ സുവിശേഷപ്രഘോഷണം
12. എ. ഡി. 72-ൽ തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ അനുസ്മരണമായി ജൂലൈ 3-ാം തീയതി ആഘോഷിക്കുന്ന തിരുനാൾ
13. സഭയുടെ അടിസ്ഥാനമായ പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ആഘോഷിക്കുന്ന കാലം
14. 'കൈത്താക്കാലം' എന്തിന്റെ സത്ഫലങ്ങൾ പുറപ്പെടുവിക്കാൻ നമ്മെ സഹായിക്കുന്നു?

| |
|---|
| എന്റെ കർത്താവേ, എന്റെ ദൈവമേ |
| വിശുദ്ധിയുടെ |
| ശ്ലീഹാക്കാലം |
| സമാധാനം നിങ്ങളോടുകൂടെ |
| ജീവിതമാതൃക |
| മനുഷ്യബന്ധം |
| നിങ്ങൾക്കു സമാധാനം |
| പള്ളിക്കൂദാശാക്കാലം |
| മനുഷ്യന്റെ നിത്യരക്ഷ |
| പുതുഞായർ |
| തോമാശ്ലീഹാ |
| ദുക്റാന തിരുനാൾ |
| കൈത്താക്കാലം |

## C. തരംതിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

15. അന്ത്യവിധിയുടെ ദിനത്തിൽ ഈശോ തന്റെ വലത്തുവശത്തുള്ളവരോട് അരുൾചെയ്ത കാര്യങ്ങൾ ക്രമത്തിൽ എടുത്തെഴുതുക.

| | | |
|---|---|---|
| നിങ്ങൾ എന്നെ സ്വീകരിച്ചു | എനിക്കു ദാഹിച്ചു, | ഞാൻ പരദേശിയായിരുന്നു, |
| നിങ്ങൾ ഭക്ഷിക്കാൻ തന്നു | ഞാൻ നഗ്നനായിരുന്നു, | നിങ്ങൾ കുടിക്കാൻ തന്നു |
| ഞാൻ രോഗിയായിരുന്നു, | നിങ്ങൾ എന്റെ അടുത്തു വന്നു | നിങ്ങൾ എന്നെ ഉടുപ്പിച്ചു |
| എനിക്കു വിശന്നു, | ഞാൻ കാരാഗൃഹത്തിലായിരുന്നു, | നിങ്ങൾ എന്നെ സന്ദർശിച്ചു |

16. മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളുടെ പേരെഴുതുക

നിരണം .......... .......... .......... .......... .......... ..........

## D. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക 5X1=5

17.

| | |
|---|---|
| സെബദീപുത്രന്മാർ | - പരിധിയില്ലാതെ ക്ഷമിക്കണം |
| സ്വർഗസ്ഥനായ പിതാവേ | - ബെനഡിക്ട് 16-ാമൻ മാർപാപ്പ |
| കാനായിലെ അത്ഭുതം | - ശിമയോനും അന്ത്രയോസും |
| ഏഴല്ല ഏഴ്, എഴുപതുപ്രാവശ്യം | - കർത്താവേ, നിനക്ക് നന്ദി |
| കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു | - പ്രകാശത്തിന്റെ ദിവ്യരഹസ്യം |
| | - കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ |
| | - യാക്കോബും യോഹന്നാനും |

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. ഈശോയുടെ സ്വർഗാരോഹണത്തിനുശേഷം ശിഷ്യന്മാർ ഏറ്റെടുത്ത പ്രേഷിതദൗത്യം എന്തെല്ലാം?
19. ആരാധനാവത്സരം നമ്മെ അനുസ്മരിപ്പിക്കുന്നത് എന്ത്?
20. യഹൂദപ്രമാണിമാർ പീലാത്തോസിന്റെ അനുവാദത്തോടെ ഈശോയുടെ കല്ലറ മുദ്രവച്ച് കാവൽ ഏർപ്പെടുത്താൻ കാരണമെന്ത്?
21. തങ്ങളുടെ പ്രസംഗത്തിന്റെ ആധികാരികതയായി യോഹന്നാൻ ശ്ലീഹാ എടുത്തുപറയുന്ന മിശിഹാനുഭവം?
22. വി. കുർബാനയുടെ ആരംഭത്തിൽ കാർമ്മികൻ ആലപിക്കുന്ന 'അന്നാപ്പെസഹാത്തിരുനാളിൽ.....' എന്ന ഗീതത്തിന് സമൂഹം നൽകുന്ന പ്രത്യുത്തരവരികൾ എഴുതുക.

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ യാത്രയിലെ സംഭവങ്ങളും അപ്പം മുറിക്കലും (പാഠം 11) നിങ്ങളുടേതായ ഭാഷയിൽ എഴുതുക. ഈശോയുടെ കൂടെ നടക്കാനും കേൾക്കാനും സംസാരിക്കാനും കണ്ടുമുട്ടുവാനും അനുഭവിക്കാനും വി. കുർബാന അർപ്പണത്തിലൂടെ നിങ്ങൾക്കും കഴിയുന്നുണ്ടോ എന്ന് എമ്മാവൂസ് അനുഭവത്തെ ആസ്പദമാക്കി ഒരു സന്ദേശം തയ്യാറാക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ് : 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# രണ്ടാം സെമസ്റ്റർ പരീക്ഷ (19/02/2023)

## Std VI Answer Key

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** (1X5=5)

1. ഉയിർപ്പിലൂടെ (Lesson 10, Page 64, Para 3)
2. ഉയിർപ്പുതിരുനാൾ (Lesson 10, Page 66, Para 4)
3. മറ്റുള്ളവരോട് ക്ഷമിക്കുവാൻ (Lesson 9, Page 60, Para 3)
4. പുതുഞായർ (Lesson 10, Page 66, Para 5)
5. ബലിയർപ്പണം (Lesson 11, Page 71, Para 2)

**B. യോജിച്ച ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക** (1X9=9)

6. നിങ്ങൾക്കു സമാധാനം (Lesson 12, Page 76, Para 3)
7. തോമാശ്ലീഹാ (Lesson 12, Page 75, Para 1)
8. ''എന്റെ കർത്താവേ, എന്റെ ദൈവമേ'' (Lesson 12, Page 75, Para 3)
9. മനുഷ്യന്റെ നിത്യരക്ഷ (Lesson 13, Page 82, Para 4)
10. ശ്ലീഹാക്കാലം (Lesson 13, Page 81, Para 2)
11. ജീവിതമാതൃക (Lesson 13, Page 82, Para 4)
12. ദുക്റാന തിരുനാൾ (Lesson 14, Page 87, Para 3)
13. കൈത്താക്കാലം (Lesson 14, Page 87, Para 4)
14. വിശുദ്ധിയുടെ (Lesson 14, Page 87, Para 5)

**C. തരംതിരിച്ചെഴുതുക & പൂരിപ്പിക്കുക** (3X2=6)

15. അന്ത്യവിധിയുടെ ദിനത്തിൽ ഈശോ തന്റെ വലത്തുവശത്തുള്ളവരോട് അരുൾചെയ്ത കാര്യങ്ങൾ ക്രമത്തിൽ എഴുതുക. (Lesson 15, Page 91, Para 1)

a) എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു
b) എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു
c) ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു
d) ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു
e) ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു
f) ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തു വന്നു

16. മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളുടെ പേരെഴുതുക (Lesson 14, Page 87, Para 1)
കോട്ടക്കാവ്, കൊടുങ്ങല്ലൂർ, പാലയൂർ, കോക്കമംഗലം, കൊല്ലം, നിലയ്ക്കൽ

**D. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക** (5X1=5)

17. സെബദീപുത്രന്മാർ - യാക്കോബും യോഹന്നാനും (ബൈബിൾ, മർക്കോസ് 1:19)
സ്വർഗസ്ഥനായ പിതാവേ - കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ (Lesson 9, Page 58, Para 4)
കാനായിലെ അത്ഭുതം - പ്രകാശത്തിന്റെ ദിവ്യരഹസ്യം (നമസ്കാരം, Page 19)
ഏഴല്ല ഏഴ്, എഴുപതുപ്രാവശ്യം - പരിധിയില്ലാതെ ക്ഷമിക്കണം (Lesson 9, Page 58, Para 3)
കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു - ബെനഡിക്ട് 16-ാമൻ മാർപാപ്പ
(സത്യദീപം 2023, ജനുവരി 11, പേജ് 12)

E. **ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** (1X5=5)

18. ലോകം മുഴുവൻ പാപമോചനത്തിനായുള്ള അനുതാപം പ്രസംഗിക്കപ്പെടുമെന്ന കല്പന, രക്ഷയുടെ സദ്വാർത്ത അറിയിക്കാനുള്ള നിർദേശം (Lesson 13, Page 80, Para 2)
19. ഈശോയുടെ ജനനത്തോടുകൂടി ആരംഭിച്ച് തിരുസഭയിലൂടെ സ്വർഗത്തിൽ എത്തിച്ചേരാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരായ നാം എന്ന സത്യം (Lesson 15, Page 93, Para 4)
20. ഈശോ മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് നേരത്തെ പറഞ്ഞിരുന്നതിനാൽ (Lesson 10, Page 63, Para 1)
21. ''ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയുന്നു'' (1 യോഹ 1:1). (Lesson 12, Page 76, Para 2)
22. അനുരഞ്ജിതരായ്ത്തീർന്നീടാം ...... (കുർബാനപുസ്തകം നോക്കുക/Lesson 9, Page 60, Para 2)

F. **ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** (Main points) (5X1=5)

23.

- കുട്ടികളുടെ ഭാഷയിൽ എമ്മാവൂസ് സംഭവവിവരണം:
  - രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്ക് യാത്ര ചെയ്യുന്നു
  - അപരിചിതനായി ഈശോ കൂടെ ചേരുന്നു, അവരോട് സംസാരിക്കുന്നു
  - ദൈവവചനം വ്യാഖ്യാനിച്ചു കൊടുക്കുന്നു
  - ശിഷ്യന്മാർ ഈശോയെ കൂടെവസിക്കാൻ ക്ഷണിക്കുന്നു
  - ഈശോ അപ്പമെടുത്ത് വാഴ്ത്തി മുറിക്കുമ്പോൾ ഈശോയെ തിരിച്ചറിയുന്നു
  - ഈശോ അപ്രത്യക്ഷമാകുന്നു
  - ശിഷ്യന്മാർ മറ്റു ശിഷ്യന്മാരുടെ അടുത്തുപോയി ഉത്ഥിതനായ ഈശോയെ കണ്ട കാര്യം അറിയിക്കുന്നു
- ദൈവവചനത്തിന്റെ സ്വാധീനം കുട്ടിയിൽ:
  - കുർബാനയിൽ, കാറ്റിക്കിസം ക്ലാസ്സുകളിൽ ദൈവത്തിന്റെ വചനം കേൾക്കുന്നു, പഠിക്കുന്നു, അത് നല്ല കുട്ടിയായി ജീവിക്കാൻ സഹായിക്കുന്നു.
- വി. കുർബാന കുട്ടിയുടെ കാഴ്ചപ്പാടിൽ:
  - ഈശോയുടെ കൂടെവസിക്കാനുള്ള ക്ഷണം
  - ദൈവത്തെ സ്തുതിക്കാൻ, നന്ദി പറയാൻ, പ്രാർത്ഥിക്കാൻ
  - ഈശോയെക്കുറിച്ചും ഈശോ ചെയ്ത കാര്യങ്ങളെക്കുറിച്ചും ഓർമ്മിക്കാൻ, .....
- വി. കുർബാനയോടുള്ള ആദരവും ഭക്തിയും:
  - വി. ഡൊമിനിക് സാവിയോയെപ്പോലെ, കാർലോ അക്കൂത്തിസിനെപ്പോലെ .....
- വി. കുർബാനയിലുള്ള സ്വാധീനം ജീവിതത്തിൽ:
  - ഈശോ നമുക്ക് ജീവൻ നൽകാൻ ഈശോയുടെ ശരീരവും രക്തവും നമുക്ക് ആഹാരമായി നൽകുന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ഉപകാരങ്ങൾ ചെയ്യണം.
- വി. കുർബാനയിലുള്ള ഈശോ അനുഭവം:
  - ഈശോ എന്റെ കൂടെയുണ്ട്, എന്റെ ഉള്ളിലുണ്ട് ...

******